File No.C4/36/2020-TC

തീയതി : 30/12/2020

ഫയൽ നം :.........

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് , തൈക്കാട് പി.ഒ
തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in | വെബ്: www.mvd.kerala.gov.in | ☎ :0471- 2333317

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
മോട്ടോർ വാഹന വകുപ്പ്, കേരളം

സ്വീകർത്താവ്

1. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും.
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.
3. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും.

സർ,

വിഷയം:- മോട്ടോർ വാഹന വകുപ്പ് - സ്വകാര്യ വാഹനങ്ങളുടെ രജിസ്ട്രേഷൻ, ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് എന്നിവ പുതുക്കുന്നതിനുള്ള അപേക്ഷകളുടെ കാലതാമസത്തിന് ഏർപ്പെടുത്തിയിട്ടുള്ള അധിക ഫീസ് ഈടാക്കുന്നതിനെക്കുറിച്ച് സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

സൂചന :-

1. സർക്കാർ ഉത്തരവ് GO (Rt) No.22/2019/Trans dtd.18.07.2019.
2. ഈ ഓഫീസിൽ നിന്നുള്ള 05.11.2020 – ലെ ഇതേ നമ്പർ കത്ത്.
3. സർക്കാർ കത്ത് നം.ബി2/224/2020–ഗതാ തീയതി. 16.12.2020.

വിവിധ സേവനങ്ങൾക്കായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസത്തിന് അപേക്ഷ ഫീസിന് പുറമേ ഏർപ്പെടുത്തിയിട്ടുള്ള അധിക ഫീസ് ഈടാക്കുന്നതിൽ സർക്കാർ അനുമതിയോടെ താഴെ പറയുന്ന സ്പഷ്ടീകരണം നൽകുന്നു.

1. സ്വകാര്യ ആവശ്യത്തിനുള്ള വാഹനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനും പൊതുഗതാഗതത്തിനുള്ള വാഹനങ്ങളുടേയും ചരക്കുവാഹനങ്ങളുടേയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുമുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിലെ കാലതാമസത്തിന് 21.08.2019 – മുതൽ കേരള മോട്ടോർ വാഹന ചട്ടം, 102, 105 എന്നിവ പ്രകാരം പുതുക്കിയ നിരക്കിൽ അധികഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള അധിക ഫീസ് ഒഴിവാക്കിക്കൊണ്ട് കേരള മോട്ടോർ വാഹന ചട്ടം 102 ഭേദഗതി പ്രകാരം പരമാവധി 300/- രൂപയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുന്നതിന് ചട്ടം 105(5) പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള നിരക്കിലുള്ളതുമായ അധികഫീസ് മാത്രം ഈടാക്കിയാൽ മതിയാകും.
2. നിലവിൽ ലൈറ്റ് മോട്ടോർ വാഹനങ്ങൾ ഓടിക്കുന്നതിന് ബാഡ്ജ് ആവശ്യമില്ല. മുൻപ് ഉണ്ടായിരുന്ന ബാഡ്ജ് കാലാവധി അവസാനിക്കുകയും സ്വകാര്യ വാഹനങ്ങൾ ഓടിക്കുന്നതിനുള്ള NTV ലൈസൻസ് നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആയതിന്റെ കാലാവധി തീരുന്ന മുറയ്ക്ക് പുതുക്കുവാൻ അപേക്ഷ നൽകുമ്പോൾ അധിക ഫീസ് ഈടാക്കേണ്ടതില്ല. ഹെവി വെഹിക്കിൾസ് ലൈസൻസ് ഉള്ള വ്യക്തി NTV ലൈസൻസ് മാത്രമായി പുതുക്കുന്നതിന് അപേക്ഷ സമർപ്പിക്കുമ്പോൾ അധിക ഫീസ് ഒഴിവാക്കേണ്ടതാണ്.
3. 01.02.2020 മുതൽ 31.12.2020 വരെയുള്ള കാലപരിധിയിൽ അവസാനിച്ച രേഖകളുടെ കാലാവധി കേന്ദ്ര സർക്കാർ 31.12.2020 വരെ നീട്ടി നൽകിയിരിക്കുന്ന സാഹചര്യത്തിൽ താൽക്കാലിക രജിസ്ട്രേഷൻ അവസാനിച്ച ശേഷം സ്ഥിരം രജിസ്ട്രേഷനുവേണ്ടി അപേക്ഷ നൽകുന്നവരിൽ നിന്നും Late fee വാങ്ങുന്നത് ഒഴിവാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signature va...
M R AJITHKUMAR
TRANSPORT COMMISSIONER
Digitally signed by M R AJITH...
Date: 2020.12...
Reason: Approved